(ഡി) ഇതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ;

(ഇ) നോംസ് അനുസരിച്ച് സ്ഥലംമാറ്റം നൽകുമെന്ന് കഴിഞ്ഞ സമ്മേളനത്തിൽ സഭയിൽ നൽകിയ ഉറപ്പനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(എഫ്) നടപടികൾ ഇതുവരെയും സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനെക്കുറിച്ച് അന്വേഷണം നടത്തി, കാലതാമസം വരുത്തിയവരുടെ മേൽ യുക്തമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അതെ.

(ബി) ഉദിക്കുന്നില്ല.

(സി, ഡി) അർഹതയുള്ള എല്ലാ അപേക്ഷയും പരിഗണിച്ചുവെങ്കിലും തിരുവനന്തപുരത്ത് ഒഴിവില്ലാതിരുന്നതുകൊണ്ട് കണ്ണൂർ കൃഷ്ണമേനോൻ മെമ്മോറിയൽ വനിതാ കോളേജിലെ മലയാളം ലക്ചറർ ശ്രീമതി ഐഷാ ബീവി, കാസർകോഡ് ഗവൺമെൻറ് കോളേജിലെ ബോട്ടണി ലക്ചറർ ശ്രീമതി വിമല എന്നിവർക്ക് സ്ഥലംമാറ്റം നൽകാൻ കഴിഞ്ഞിരുന്നില്ല.

നേരത്തേ നൽകിയ ഉറപ്പനുസരിച്ച് ശ്രീമതി ഐഷാ ബീവിക്ക് സ്ഥലം മാറ്റം നൽകിക്കഴിഞ്ഞു.

(ഇ) ശ്രീമതി വിമലയുടെ കാര്യം പരിഗണിച്ചുകൊണ്ടിരിക്കുന്നു.

(എഫ്) ഉദിക്കുന്നില്ല.

കോളേജ് അദ്ധ്യാപകരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ഉത്തരവുകൾ

403 [749] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) 1985–86 വിദ്യാലയ വർഷാരംഭത്തിന് മുൻപ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള കോളേജ് അദ്ധ്യാപകരുടെ സ്ഥലം മാറ്റം സംബന്ധിച്ച ഏതെങ്കിലും ഉത്തരവുകൾ ഇനിയും നടപ്പിലാക്കാനുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അവ ഏതെല്ലാം; അവയുടെ നമ്പരും തീയതിയും വ്യക്തമാക്കുമോ;

(സി) അവ നടപ്പിലാക്കാതെയിരിക്കുന്നതിനുള്ള കാരണം എന്ത്; ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഈ ഉത്തരവുകൾ ഉടനെ നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) എഡ്യൂക്കേഷണൽ സൈക്കോളജി ലക്ചറർ ശ്രീമതി പി.എം. സരളയെ കോഴിക്കോട് ട്രെയിനിംഗ് കോളേജിൽനിന്നും തൃശ്ശൂർ ട്രെയിനിംഗ് കോളേജിലേക്ക് സ്ഥലം മാറ്റിക്കൊണ്ട് 31.5.1984-ൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച ബി.2/23232/84 എന്ന ഉത്തരവ്.

(സി) കോഴിക്കോട് ട്രെയിനിംഗ് കോളേജിൽ പ്രസ്തുത വിഷയം പഠിപ്പിക്കാൻ ശ്രീമതി സരള മാത്രമേയുള്ളു. അതുകൊണ്ട് പകരം ആളെ നിയമിച്ചശേഷം മാത്രമേ ശ്രീമതി സരളയെ റിലീവ് ചെയ്യാവൂ എന്ന് ഓർഡറിൽ വ്യക്തമാക്കിയിരുന്നു. യോഗ്യതയെ സംബന്ധിച്ച് ഉണ്ടായ ചില സംശയങ്ങൾ കാരണം പകരം അദ്ധ്യാപകന്റെ നിയമനത്തിന് കാലതാമസം ഉണ്ടായി.

(ഡി) ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

മലബാറിൽ അഞ്ചുവർഷത്തിൽ കൂടുതൽ കാലം ജോലിനോക്കിയിട്ടുള്ള കോളേജ് അദ്ധ്യാപകരുടെ സ്ഥലം മാറ്റം

404 [750] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) മലബാറിൽ അഞ്ചുവർഷത്തിൽ കൂടുതൽ കാലം ജോലി നോക്കിയിട്ടുള്ള കോളേജ് അദ്ധ്യാപകർക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിച്ചാൽ, തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിലുള്ള കോളേജുകളിൽ ജോലി നോക്കി വരുന്ന അഞ്ചുവർഷത്തിൽ കുറച്ചുകാലം മലബാർ സർവ്വീസുള്ളവരോ, മലബാർ സർവ്വീസില്ലാത്തവരോ ആയ അദ്ധ്യാപകരെ മലബാറിലേക്ക് മാറ്റിയിട്ട്, മലബാർ സർവ്വീസിലുള്ളവരെ എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലെ കോളേജുകളിൽ മാറ്റി നിയമിക്കണമെന്ന നിബന്ധന നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ സർക്കാരിന്റെ ഈ നിബന്ധന കോളേജ് വിദ്യാഭ്യാസ വകുപ്പധികൃതർ നടപ്പിലാക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ നിബന്ധനപ്രകാരം സ്ഥലം മാറ്റം കിട്ടേണ്ടിയിരുന്ന കണ്ണൂർ ഗവൺമെന്റ് വനിതാ കോളേജിലെ മലയാളം ലക്ചറർ ശ്രീമതി ഐഷാ ബീവിക്കും കാസർകോഡ് ഗവൺമെന്റ് കോളേജിലെ ബോട്ടണി ലക്ചറർ ശ്രീമതി വിമലക്കും ഓപ്പൺ വേക്കൻസി ഇല്ലാതിരുന്നതു കാരണം പൊതു സ്ഥലംമാറ്റം ഉത്തരവാക്കിയപ്പോൾ സ്ഥലം മാറ്റം നൽകാൻ കഴിഞ്ഞിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly